LIBRARY ARCHIVES Kerala Legislative Assembly

ഇവരുടെ വേതനത്തിൽനിന്നും അംശദായ ഇനത്തിൽ പ്രതിവർഷം 600 രൂപ ക്ഷേമനിധി വിഹിതമായി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ സംസ്ഥാനത്തിന് കേന്ദ്ര ആക്ട് പ്രകാരം അധികാരമില്ല. തൊഴിലാളികളുടെ പക്കൽനിന്നും അംശദായം ഈടാക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുകയാണ് വേണ്ടത്. ക്ഷേമനിധി പ്രാബല്യത്തിൽ വന്ന തീയതി മുതൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുന്നതുവരെയുള്ള തൊഴിലാളികളുടെ അംശദായ വിഹിതം സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. അങ്ങനെയുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ബിൽ നിയമപരമായി നിലനിൽക്കുന്നതല്ല. എഴുപത്തിരണ്ട് ലക്ഷം തൊഴിലാളികളാണ് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി ആനുപാതികമായ തുക നൽകേണ്ടതുള്ളതിനാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർത്തിരിക്കുന്ന ആവർത്തക ചെലവായ 68.5 കോടി രൂപ യാഥാർത്ഥ്യ ബോധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് അംശദായമായോ ഗ്രാന്റായോ നൂറ് കോടി രൂപയിലധികം ചെലവാണ് ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമാകുമ്പോൾ പ്രതിവർഷമുണ്ടാകുന്നത്. ആയതിനാൽ ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരം തയ്യാറാക്കിയതല്ലെന്നുകാണുന്നു. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(2) ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 213-ലെ clause (1), clause (2) എന്നിവപ്രകാരം ഒരു ഓർഡിനൻസ് തൊട്ടടുത്ത് നടക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ ആറാഴ്ചയ്ക്കുള്ളിൽ നിയമമാക്കേണ്ടതാണ്. അത് ഭരണഘടനാപരമായ വ്യവസ്ഥയാണ്, നടപടിക്രമമോ ചട്ടമോ അല്ല. കേരള പഞ്ചായത്ത് രാജ് അമെന്റ്മെന്റും കേരള മുനിസിപ്പാലിറ്റി അമെന്റ്മെന്റും ഇക്കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനുവേണ്ടി വരുത്തിയ ഭേദഗതിയാണ്. ഭരണസമിതികൾ അധികാരത്തിൽവന്ന് പത്തുമാസം കഴിഞ്ഞാണ് ആ ഭേദഗതികളെ സാധൂകരിക്കാൻ സർക്കാർ ശ്രമിക്കുന്നത്. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് പഞ്ചായത്തംഗങ്ങളുടെ എണ്ണം ആദ്യം വർദ്ധിപ്പിച്ചു. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായ ഭരണഘടനാ ലംഘനമുണ്ടായിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ വന്നതിനാൽ വാർഡ് വിഭജനത്തിന് അവസരമില്ലാതെ വന്നസാഹചര്യത്തിൽ പഴയ പ്രൊവിഷനിലേയ്ക്കുതന്നെ പോകേണ്ടിവന്നു. മുന്നുണ്ടാക്കിയ ഭേദഗതി തിരുത്താൻവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. അംഗങ്ങളുടെ പഴയ എണ്ണം വച്ചുതന്നെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിയത്. എന്നാൽ വർദ്ധിപ്പിച്ച സീറ്റുകളുടെ കാര്യംവച്ച് ഇപ്പോഴാണ് ഭേദഗതി ചെയ്യുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ഭരണ തുടർച്ചയുണ്ടായതിന്റെ ഫലമായി മുൻ ഗവൺമെന്റുതന്നെ അധികാരത്തിൽവന്നു. ഈ ഭേദഗതി അംഗീകരിക്കാത്ത ഒരു ഗവൺമെന്റാണ് അധികാരത്തിൽ വന്നതെങ്കിൽ സംസ്ഥാനത്തുണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനവിധിയുടെ ഭാവിയെന്താകും? 2020 മേയ് മാസത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. ആഗസ്റ്റ് 24-ന് ചേർന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ കൊണ്ടുവന്നില്ല. ഓർഡിനൻസ് കാലഹരണപ്പെട്ടു. 2020 സെപ്റ്റംബറിൽ വീണ്ടും വിളംബരപ്പെടുത്തി. 2020 ഡിസംബർ 31-നും 2021 ജനുവരി 8 മുതൽ ജനുവരി 22 വരെ ചേർന്ന നിയമസഭാ സമ്മേളനങ്ങളിലും ഓർഡിനൻസ് കൊണ്ടുവന്നില്ല. 2021 ഫെബ്രുവരിയിൽ വീണ്ടും ഓർഡിനൻസ് പുനരുജ്ജീവിപ്പിച്ചു. പൊതുതെരഞ്ഞെടുപ്പിനുശേഷം നിലവിൽവന്ന 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വരുത്തിയ ഭേദഗതി സാധൂകരിക്കാൻ കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര നിയമമായ പഞ്ചായത്ത് രാജ് ആക്ടിൽ വലിയ ഉദാസീനതയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗുണ്ടാകണം.

(3) ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2018-ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ തുടങ്ങിയ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രകൃതിക്ഷോഭം നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന തരത്തിൽ നഗര-ഗ്രാമാസൂത്രണ നിയമത്തിൽ പറഞ്ഞിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കത്തിലും നടപടിക്രമത്തിലും മാറ്റങ്ങൾ നിർദ്ദേശിച്ച സാഹചര്യത്തെയുപയോഗിച്ച് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD വിഭാവനം ചെയ്യുന്നത് ജില്ലയ്ക്ക് മുഴുവനായിട്ടുള്ള വികസന പദ്ധതികളുടെ ഒരു കരട് എന്ന രീതിയിൽ ജില്ലാ വികസന രൂപരേഖ തയ്യാറാക്കണമെന്നാണ്. ഇതനുസരിച്ചാണ്